പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1391 — 14.6.2013-ൽ മറുപടിക്ക്

പ്രസന്നൻസ് ഇക്കോ ബയോ സിസ്റ്റംസ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. മോയിൻകുട്ടി | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) മലിനജലവും, ജൈവമാലിന്യവും പരിസ്ഥിതിക്കും മനുഷ്യനും ഗുണകരമായ രീതിയിൽ കുറഞ്ഞ ചെലവിൽ സംസ്കരിക്കുന്നതിനുള്ള 'പ്രസന്നൻസ് ഇക്കോബയോ സിസ്റ്റംസ്' എന്ന തദ്ദേശീയമായി വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള സംസ്കരണ പ്ലാന്റുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിച്ചുവരുന്ന പെബ്സ് ഗ്ലോബൽ മിഷൻ എന്ന സ്ഥാപനം വികസിപ്പിച്ചെടുത്തെന്ന് അവകാശപ്പെടുന്ന 'പ്രസന്നൻസ് ഇക്കോ ബയോ സിസ്റ്റംസ്' എന്ന സാങ്കേതിക വിദ്യ ഉപയോഗിച്ചിട്ടുള്ള മലിന ജലവും ജൈവമാലിന്യവും സംസ്കരിക്കുന്നതിനുള്ള പ്ലാന്റുകൾ ഒന്നും തന്നെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) ഈ പ്ലാന്റുകൾ പലതും സംസ്ഥാന സർക്കാരിന്റെകീഴിലെ വിവിധ ഏജൻസികൾ പരിശോധിച്ച് അനുകൂല റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) ഇല്ല. |
| സി) കോടികൾ മുടക്കിയുള്ള വൻ പദ്ധതികൾ നടപ്പാക്കിയിട്ടും മലിനജലവും, ജൈവമാലിന്യങ്ങളും കൊണ്ട് നമ്മുടെ നഗരങ്ങളും, ജലസ്രോതസ്സുകളും നിറഞ്ഞ് ഗുരുതര പ്രശ്നങ്ങൾ ഉണ്ടാക്കുന്ന സാഹചര്യത്തിൽ ചെലവു കുറഞ്ഞ ഇത്തരം തദ്ദേശീയ പ്രോജക്ടുകൾവ്യാപകമായി നടപ്പാക്കുന്ന കാര്യം അടിയന്തിരമായി പരിശോധിക്കുമോ ? | സി) മലിനജലവും, ജൈവമാലിന്യങ്ങളും ശുദ്ധീകരിക്കുമെന്ന് അവകാശപ്പെടുന്ന 'പ്രസന്നൻസ് ഇക്കോ ബയോ സിസ്റ്റംസ്' എന്ന സാങ്കേതിക വിദ്യയിൽ പ്രവർത്തിക്കുന്ന സാങ്കേതിക വിദ്യയുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ട് നാളിതുവരെയായി അവ വെളിപ്പെടുത്തുന്നതിന് ടി സ്ഥാപനം വിമുഖത കാണിക്കുകയാണ് ഉണ്ടായത്. ചെലവുകുറഞ്ഞ വിവിധ തരത്തിലുള്ള സാങ്കേതിക രീതികൾ ഉപയോഗിച്ചിട്ടുള്ള മാലിന്യ സംസ്കരണം നടത്തുന്നതിന് സർക്കാർ എല്ലാവിധ സഹായവും നൽകി വരികയാണ്. |

സെക്ഷൻ ഓഫീസർ